## മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ബി.ടെക് കോഴ്സ് (2010 അഡ്മിഷൻ മുതൽ) - 8-ാം സെമസ്റ്റർ തുടർ പഠനം - കൺഡൊണേഷൻ ഓഫ് അറ്റൻഡൻസ് ഷോർട്ടേജ് - റഗുലേഷൻ ഇളവ് വരുത്തി മൂന്നാമതും അവസരം - ഉപാധികളോടെ അനുവാദം നൽകി - ഉത്തരവാകുന്നു.

================================================================================

**അക്കാദമിക് എIV സെക്ഷൻ**

സ.ഉ.നം. 3841/എIV/1/2018/അക്കാദമിക്. പി.ഡി. ഹിൽസ്, തീയതി: 05/05/2018

================================================================================

വായിക്കുക:- 1 ബി.ടെക് കോഴ്സ് (2010 അഡ്മിഷൻ മുതൽ) റഗുലേഷൻ ക്ലോസ് 14.

2. പാലാ സെന്റ് ജോസഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് ആന്റ് ടെക്നോളജി വിദ്യാർത്ഥിയായ ശ്രീ. ജോർജ്ജ് മുട്ടിക്കൽ (ബി.ടെക് ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻസ് ബ്രാഞ്ച്, എട്ടാം സെമസ്റ്റർ പി.ആർ.എൻ. നം. 14018863) 19/04/2018-ാം തീയതിയിൽ വൈസ് ചാൻസലർ സമക്ഷം സമർപ്പിച്ച നിവേദനം.

### ഉത്തരവ്

മുകളിൽ പരാമർശിച്ച ഒന്നാം പേപ്പർ പ്രകാരം 2010 അഡ്മിഷൻ മുതൽ നിലവിലുള്ള ബി.ടെക് കോഴ്സ് റഗുലേഷൻ ക്ലോസ് 14 അനുസരിച്ച് ബി.ടെക് കോഴ്സിനു പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് സെമസ്റ്റർ എൻഡ് പരീക്ഷകൾ എഴുതണമെങ്കിൽ ബന്ധപ്പെട്ട സെമസ്റ്റർ പഠന കാലയളവിൽ എഴുപത്തഞ്ച് ശതമാനത്തിൽ കുറയാത്ത ഹാജർ നില ഉണ്ടായിരിക്കണം. ആരോഗ്യപരമായ ഏതെങ്കിലും കാരണങ്ങൾ കൊണ്ടുള്ള പത്ത് ശതമാനം വരെയുള്ള ഹാജർ കുറവ് ബോധ്യപ്പെടുന്നപക്ഷം വൈസ് ചാൻസലർ condone ചെയ്യാറുണ്ട്. എന്നാൽ ഈ ആനുകൂല്യം കോഴ്സ് കാലയളവിൽ രണ്ട് തവണ മാത്രമേ ഒരു വിദ്യാർത്ഥിക്ക് അനുവദനീയമായിട്ടുള്ളൂ. ഇതനുസരിച്ച് രണ്ട് തവണ condonation of attendance shortage ആനുകൂല്യം ലഭിച്ചിട്ടുള്ള ഒരു വിദ്യാർത്ഥിക്ക് മൂന്നാമതും ഹാജർ കുറവ് സംഭവിച്ചാൽ ടിയാൻ ബന്ധപ്പെട്ട സെമസ്റ്റർ പഠനം അടുത്ത ജൂനിയർ ബാച്ചിനൊപ്പം ആവർത്തിക്കേണ്ടതാണ്.

എന്നാൽ, 2015 അധ്യയന വർഷം മുതൽ ബി.ടെക് കോഴ്സ് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലേക്ക് മാറ്റി അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിനാൽ ഇപ്രകാരം ഹാജർ കുറവ് സംഭവിച്ചിട്ടുള്ള ബി.ടെക് എട്ടാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് ആവർത്തനം ചെയ്ത് പഠനം തുടരുവാനുള്ള ജൂനിയർ ബാച്ചുകൾ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ നിലവിലില്ല. ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ബി.ടെക് കോഴ്സ് തുടർ പഠനം സംബന്ധിച്ച പ്രശ്നങ്ങൾ മുകളിൽ പരാമർശിച്ച രണ്ടാം പേപ്പർ പ്രകാരം ശ്രീ. ജോർജ്ജ് മുട്ടിക്കൽ എന്ന വിദ്യാർത്ഥി സമർപ്പിച്ച നിവേദനത്തിലൂടെ സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

ഇക്കാര്യം വിശദമായി പരിശോധിച്ച വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രൊ വൈസ് ചാൻസിലർ 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 3-ാം അധ്യായം 10(17) വകുപ്പ് പ്രകാര മുള്ള അധികാരം ഉപയോഗിച്ചുകൊണ്ട്, ബി.ടെക് കോഴ്സുകൾ യൂണിവേഴ്സിറ്റിയിൽ നിന്ന് വേർപെ ടുന്ന സാഹചര്യത്തിൽ റെഗുലേഷനിൽ ഇളവു നൽകി ഒന്നോ, രണ്ടോ തവണ "Condonation of shortage of attendance'' നേടുകയും 8-ാം സെമസ്റ്ററിൽ മതിയായ ഹാജർനില ഇല്ലാത്തതുമായ വിദ്യാർത്ഥികൾക്ക് 50% ഹാജർ ഉണ്ടെങ്കിൽ ഒരു തവണകൂടി condonation ആനുകൂല്യം അനുവദിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
**അജിത് കുമാർ കെ.**
**അസിസ്റ്റന്റ് രജിസ്ട്രാർII (അക്കാദമിക്)**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്:

1. ശ്രീ. ജോർജ്ജ് മുട്ടിക്കൽ (ബി.ടെക് ഇ.സി 8-ാം സെമസ്റ്റർ)
   സെന്റ് ജോസഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് ആന്റ് ടെക്നോളജി, പാലാ
2. വൈസ് ചാൻസിലറുടെ/പ്രോ വൈസ് ചാൻസിലറുടെ പി.എസ്.മാർ
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
4. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾമാർ
5. ജെആർ/ഡിആർ/എആർ (എക്സാം)
6. ജെആർ/ഡിആർ/എആർ (അക്കാഡമിക്)
7. ബി.ടെക് സെക്ഷനുകൾ/ഇൻഫർമേഷൻ സെന്ററുകൾ
8. ഇ.കെ.I/II/III/CTEX/ഇ.ബി. സെക്ഷനുകൾ
9. കൺടെന്റ് മാനേജ്മെന്റ്/പി.ആർ.ഒ സെക്ഷനുകൾ
10. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

File No. AC.AIV/EI.XVII/3/CON-S8/2018